പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 203 5-03-2012 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പദ്ധതികൾ**

ചോദ്യം ഉത്തരം

| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും-എക്സൈസും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആഴക്കടൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ ജീവന് ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടലിലെ പ്രതികൂല കാലാവസ്ഥ മൂലവും എഞ്ചിൻ തകരാറുമൂലവും അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. കൂടാതെ കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ഇറ്റാലിയൻ കപ്പലിൽ നിന്നുള്ള വെടിവപ്പ് മൂലവും ആലപ്പുഴ-ചേർത്തല ഭാഗത്ത് മത്സ്യബന്ധന ബോട്ടിൽ കപ്പൽ ഇടിച്ചുണ്ടായ അപകടത്തിലും മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടിട്ടുണ്ട്. |
| (ബി) | ആഴക്കടൽമത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ്, കോസ്റ്റ് ഗാർഡ്, നേവി, പോലീസ് എന്നീ വിഭാഗങ്ങളുമായി സഹകരിച്ചു കൊണ്ടുള്ള ഒരു സുരക്ഷാപദ്ധതിക്കു രൂപം നൽകുമോ; | (ബി) | ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് തുടങ്ങിയ സുരക്ഷാ ഏജൻസികളെയും സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകളെയും ഉൾപ്പെടുത്തി, ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് ഒരു ഉന്നത തലയോഗം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5/3/2012 – ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ടി യോഗത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്. |
| (സി) | ആഴക്കടൽമത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളെ ആധുനിക ശാസ്ത്രസാങ്കേതിക ഉപകരണങ്ങളുടെ സഹായത്തോടെ തീരദേശ പോലീസ് സ്റ്റേഷനുകളുമായി ബന്ധിപ്പിച്ചുകൊണ്ട്, അപകടം നേരിടുന്ന അവസരങ്ങളിൽ അടിയന്തിരസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | വിവിധ തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ